# Deepika

## 23 August 2018

## Thiruvananthapuram: Dam opening without any notice ,Chennithala



# മുന്നറിയിപ്പില്ലാതെ ഡാം തുറന്നതു ദുരന്തമായി: ചെന്നിത്തല

**തിരുവനന്തപുരം:** കൃത്യമായ മുന്നറിയിപ്പുകൾ ഒന്നുമില്ലാതെ ഡാമുകൾ തുറന്നുവിട്ടതാണു സംസ്ഥാനത്തു രൂക്ഷമായ പ്രളയദുരന്തമുണ്ടാകാൻ കാരണമെന്നും ഇതിന്റെ പൂർണ ഉത്തരവാദി ദുരന്തനിവാരണ അഥോറിറ്റി ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയാണെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. ഈ പ്രളയം ഭരണകൂട സൃഷ്ടിയാണെന്ന് അദ്ദേഹം പത്രസമ്മേളനത്തിൽ കുറ്റപ്പെടുത്തി.

### വൻവീഴ്ച

ഇത്രയും ഡാമുകൾ തുറന്നുവിടുമ്പോൾ പ്രളയം ഉണ്ടാകുമെന്നു മുൻകൂട്ടിക്കണ്ടു ജനങ്ങൾക്കു മുന്നറിയിപ്പ് നൽകുന്നതിലും അവരെ മാറ്റിപ്പാർപ്പിക്കുന്നതിലും വൻവീഴ്ചയാണു സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. സർക്കാരിന്റെ ഈ വീഴ്ച സംസ്ഥാനത്തെ തകർത്തുകളഞ്ഞു. പത്തുലക്ഷം പേരാണ് അഭയാർഥികളായി ക്യാമ്പുകളിലെത്തിയത്. അഞ്ചു ദിവസത്തോളം ജനങ്ങൾ നരകയാതന അനുഭവിച്ചു. ഇതിന്റെ പൂർണ ഉത്തരവാദി ദുരന്തനിവാരണ അഥോറിറ്റിയുടെ ചെയർമാൻകൂടിയായ മുഖ്യമന്ത്രിയാണ്.

രമേശ് ചെന്നിത്തല

മാസങ്ങൾക്കു മുമ്പുണ്ടായ ഓഖി ദുരന്തത്തിൽനിന്നു സർക്കാർ ഒരു പാഠവും പഠിച്ചില്ല.

### ഒൻപതു ഡാം ഒന്നിച്ച്

പമ്പയിലെ ഒൻപതു ഡാമുകളാണ് ഒന്നിച്ചു തുറന്നത്. ഇടുക്കി, എറണാകുളം ജില്ലകളിലെ 11 ഡാമുകളും, ചാലക്കുടിപ്പുഴയിലെ ആറു ഡാമുകളും തുറന്നു. ഈ ഡാമുകൾ തുറക്കുമ്പോൾ എവിടെയൊക്കെ വെള്ളപ്പൊക്കമുണ്ടാകുമെന്നും ഏതൊക്കെ ഭാഗങ്ങൾ മുങ്ങുമെന്നും സർക്കാരിന് ഒരു രൂപവുമുണ്ടായില്ല. കാലടി, പെരുമ്പാവൂർ, പറവൂർ, വക്കം, പന്തളം തുടങ്ങി അതിരൂക്ഷ പ്രളയമുണ്ടായ ഒരിടത്തും ഒരു മുന്നറിയിപ്പും ഉണ്ടായില്ല.

### അവഗണിച്ചു

ജൂലൈ 15 നു തന്നെ ഇടുക്കിയിലെ ഡാമുകൾ നിറഞ്ഞിരുന്നു. മഴ വീണ്ടും ശക്തി പ്രാപിക്കുമെന്ന് സംസ്ഥാന, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നു. പക്ഷേ, അതൊക്കെ അവഗണിക്കുകയാണുണ്ടായത്.